# വെളിപ്പാട്പുസ്തകം ഒരു പഠനം - ഭാഗം 8

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപ്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2പത്രോ. 1:20,21)".



Pr. M.V. Simon B.Th, M.Div, M.A 'M.Th'

## അധ്യായം 7

ആറാം മുദ്രക്കുശേഷം ഒരു അനുബന്ധമായിട്ടാണ് ഏഴാം അധ്യായം നിലകൊള്ളുന്നത്. നാലു മുദ്രക്കുശേഷം നാലുജീവികൾ പ്രവർത്തിപദത്തിൽവരുന്നില്ല. പ്രത്യേകിച്ച് ഏഴാം അധ്യായം മുതൽ ദൂതൻമാരാണ് പ്രവർത്തികൾ ഏറ്റെടുത്തിരിക്കുന്നത്. വെളിപ്പാടുപുസ്തകം ഏഴാം അധ്യായം ദൈവത്തിനുള്ളവർ വേർതിരിയപ്പെടുന്നത് രേഖപ്പെടുത്തിയിരിക്കുന്നു. 1...8 വരെ യിസ്രായേലിൽ നിന്നും 144000 മുദ്രയിടപ്പെടുന്നു. 9...17 വരെ ജാതികളിൽനിന്നും എണ്ണിക്കുടാതെവണ്ണം വേർതിരിയപ്പെടുന്നു.

*നാലു കാറ്റുകൾ(7:3)*

ഇത്അക്ഷരിക കാറ്റാണ്. അപ്പോൾതന്നെ ദൈവിക ന്യായവിധികൂടിയാണ് ഈകാറ്റുകൾ(1രാജ.19:11; സങ്കീ.1:4; യെശ.11:15; ദാനി.7:2). സസ്യങ്ങൾ, ഭൂമി, കടൽ ഇവയെ ക്കൂടുതലായി ഈ കാറ്റു ബാധിക്കുന്നത്. നാലു ദൂതൻമാർ, ഇവർപ്രകൃതിശക്തികളെനിയന്ത്രിക്കുവാൻ അധികാരമുള്ളവരാണ്. ന്യായവിധിയുടെകാറ്റ് ഊതാതിരിക്കുവാൻ ഇവർ പ്രത്യേകംശ്രദ്ധിക്കുന്നു.

### ദൈവത്തിനുവേണ്ടി വേർതിരിയപ്പെട്ടവർ

വെളിപ്പാടുപുസ്തകം ഏഴാം അധ്യായം പഠനസൗകര്യാർത്ഥം രണ്ടായി തിരിക്കാം. ആദ്യത്തെ 8 വാക്ക്യങ്ങളിൽ യിസ്രായേൽഗോത്രങ്ങളിൽനിന്നും 144000 പേരെ മുദ്രയിട്ട് വേർതിരിക്കുന്നു. 9 മുതൽ 17 വരെയുള്ളവാക്ക്യങ്ങളിൽ ജാതികളിൽനിന്നും എണ്ണിക്കൂടാതെയുള്ള പുരുഷാരം വേർതിരിക്കപ്പെടുന്നു. വെളിപ്പാടുപുസ്തകം ഏഴിൽ യിസ്രായേൽ ഗോത്ര പട്ടികയിൽ ദാനിനെയും എഫ്രീയമിനെയും ഒഴിവാക്കിയിരിക്കുന്നു. പകരം ലേവിയെയും ജോസേഫിനെയും ഉൾപ്പെടുത്തി. ഗോത്രങ്ങൾ 12 ആണല്ലോ. യഹോവയായ ദൈവത്തിന് ഒരോ ഗോത്രങ്ങളെക്കുറിച്ചും പ്രത്യേക നിയമങ്ങളുണ്ടായിരുന്നു. അവയിൽ ലേവി ഗോത്രത്തെ പുരോഹിത ശുശ്രൂഷക്കായി വേർ തിരിച്ചു. ആഗോത്രത്തെ മറ്റു ഗോത്രങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ പാടില്ല. ദൈവം അങ്ങനെ കൽപ്പിച്ചിരിന്നു. ബാക്കി 11ഗോത്രങ്ങളാണുള്ളത്. എന്നാൽ ലേവി ഗോത്രത്തെ മാറ്റി നിർത്തിയിട്ടും 12 ഗോത്രങ്ങൾ കാണുന്നു. അതെങ്ങനെയെന്ന് നമുക്ക് പഠിക്കാം. ദൈവം ആദ്യം എല്ലാ ഗോത്രങ്ങളിൽ നിന്നും ദൈവത്തിനു ശുശ്രൂഷ ചെയ്യുവാൻ ജനത്തെ വേർതിരിച്ചിരുന്നു (പുറ.4:22,23). എന്നാൽ ആ ശുശ്രൂഷ ലേവ്യരിൽ ഒതുങ്ങി. കാരണം "യഹോവയുടെ പക്ഷത്തുള്ളവൻ എന്റെ അടുക്കൽ വരട്ടെ" എന്നു പറഞ്ഞപ്പോൾ ലേവ്യരെല്ലാവരും അവന്റെ അടുക്കൽ വന്നുകൂടി(പുറ.32:26,28). യഹോവ ജനത്തോട് പറയുന്നത് വായിച്ചു നോക്കുക(സംഖ്യാ.3:44, 45, 1:47; ആവർ.10:8,9). കാളക്കുട്ടിയെ ഉണ്ടാക്കിയത് ലേവി ഗോത്രം ആയിരുന്നെങ്കിലും ദൈവാലോചനയുടെ മുൻപിൽ മടങ്ങി വന്നതുകൊണ്ട് അധികം മാ

ന്യത ദൈവം കൊടുത്തു. പിൻമാറ്റക്കാരൻ മടങ്ങിവന്നാൽ ദൈവം കൈ വിടുകയില്ല (യിര.15:19).

ലേവ്യർക്കു പകരം ദൈവം യോസേഫ് ഗോത്രത്തെ വർദ്ധിപ്പിച്ചു. യോസേഫിന്റെ മക്കൾ മനെശെയും, എഫ്രീമും. ഇവർ രണ്ടും ഗോത്ര പട്ടികയിൽ സ്ഥാനം പിടിച്ചു. രൂബേനാണ് യാക്കോബിന്റെ മൂത്ത പുത്രനെങ്കിലും തന്റെ അശുദ്ധി കൊണ്ട് പദവികൾ നഷ്ടപ്പെട്ടു. ആദ്യ ജാതന്റെ പദവികൾ വളരെ വലുതാണ്. രാജത്വം, പൗരോഹിത്യം, പ്രഭുസ്ഥാനം, ഇരട്ടി പങ്ക് (ഉല്പ.49:3, 4; പുറ.4:22; ആവ.21:17).തുടർന്ന് ആ സ്ഥാനം യോസേഫിനു കിട്ടി (ഉല്പ.48:20; സംഖ്യാ.1:32,34).ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയ ഏശാവ് തന്റെപദവികൾ യാക്കോബിന്റേതായിമാറി(ആവ.29:16...20). ദാനും എഫ്രീമും വിഗ്രഹാരാധികളായതിനാൽ ദൈവം അവരെ ഒഴിവാക്കി(1രാജാ.12:28...31; ഹോശെ.4:17).

### വെള്ളനിലയങ്കിധരിച്ചമഹാപുരുഷാരം

ഇവർ ആരാണ്? അനേകം വ്യത്യസ്ഥഅഭിപ്രായങ്ങൾ ഇതിനെക്കുറിച്ച് പറയുന്നുണ്ട്. ഇവർ യിസ്രായേൽ ജനമോ ക്രിസ്തുവിന്റെ സഭയോഅല്ല. കാരണം

1. സഭ മഹോപദ്രവത്തിൽകൂടി കടക്കുന്നില്ല, അതിനുമുൻപ് സഭ എടുക്കപ്പെടുന്നു (4:1,2; ലൂക്കോ.21:36).
2. സഭക്ക് കിരീടങ്ങളും കൈയ്യിൽ വീണയും ഉള്ളപ്പോൾ ഇവരുടെ കൈയ്യിൽ കുരുത്തോല
3. ഇവർ സിംഹാസനത്തിനുമുൻപിൽ നിൽക്കുമ്പോൾ സഭ സിംഹാസനത്തിൽ ക്രിസ്തുവിനോടൊപ്പം ഇരിക്കുന്നു(3:21, യോഹ.12:26, 14:13)
4. ഇവർ വെള്ളനിലയങ്കി ധരിച്ചിരിക്കുന്നു സഭക്ക് വെള്ളനിലയങ്കി ഉള്ളതായി എങ്ങും പറഞ്ഞിട്ടില്ല.
5. ഇവർ മഹാകഷ്ടത്തിൽനിന്ന് വന്നവർ ദൈവസഭക്ക് മഹാകഷ്ടം ഇല്ല കഷ്ടമേയുള്ളൂ(യോഹ.16:33).

ഇവർ മഹോപദ്രവത്തിൽ രാജ്യത്തിന്റെ സുവിശേഷവുമായി വരുന്ന രണ്ടു സാക്ഷികളുടെ ശുശ്രൂഷയാൽ വേർതിരിയപ്പെട്ടവരാണ്.